**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1619** **19-09-2025 - ൽ മറുപടിയ്ക്ക്**

**കുന്നംകുളം മണ്ഡലത്തിലെ റിംഗ് റോഡ് വികസന പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. എ. സി. മൊയ്തീൻ** | | **ശ്രീ. കെ. രാജൻ<br>(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി)** | |
| (എ) | കുന്നംകുളം മണ്ഡലത്തിലെ കിഫ്‌ബി പദ്ധതി വഴി നിർമ്മിക്കുന്ന റിംഗ് റോഡ് വികസന പദ്ധതിയുടെ ഭൂമി ഏറ്റെടുക്കൽ നടപടിയുടെ പുരോഗതി വിശദമാക്കാമോ; | (എ) | കുന്നംകുളം മണ്ഡലത്തിലെ കിഫ്‌ബി പദ്ധതി വഴി നിർമ്മിക്കുന്ന റിംഗ് റോഡ് വികസന പദ്ധതിയ്ക്കായി ആർ.എഫ്.സി.റ്റി.എൽ.എ.ആർ.ആർ. ആക്ട് 2013 പ്രകാരം ഭൂമി ഏറ്റെടുക്കുന്നതിനായി 14/08/2023-ലെ സ.ഉ.(സാധാ) നം.2994/2023/ആർഡി പ്രകാരം ഉത്തരവായിട്ടുണ്ട്. തുടർന്ന് സാമൂഹികാഘാത പഠനം നടത്തുന്നതിനുള്ള ഏജൻസിയെ നിയമിക്കുന്നതിനായി സെക്ഷൻ 4(1) പ്രകാരമുള്ള വിജ്ഞാപനം പുറപ്പെടുവിക്കുന്നതിനുള്ള ശിപാർശ ജില്ലാ കളക്ടർ ലഭ്യമാക്കിയിട്ടുണ്ട്. |
| (ബി) | ഇത് എന്നത്തേയ്ക്ക് പൂർത്തിയാകും എന്ന് വിശദമാക്കാമോ? | (ബി) | 2013ലെ ആർ.എഫ്.സി.റ്റി.എൽ.എ.ആർ.ആർ. ആക്ടിൽ നിഷ്കർഷിച്ചിട്ടുള്ള നടപടിക്രമങ്ങളുടെ ഭാഗമായി സാമൂഹികാഘാത പഠനം നടത്തി, അത് വിദഗ്ധസമിതി വിലയിരുത്തി ഭൂമി ഏറ്റെടുക്കലുമായി മുന്നോട്ട് പോകുന്നതിനുള്ള ശിപാർശ നൽകുന്ന മുറയ്ക്ക് ഭൂമി ഏറ്റെടുക്കൽ നടപടികളുമായി മുന്നോട്ട് പോകുന്നതിനുള്ള അനുമതിയും, തുടർന്ന് പ്രാഥമിക വിജ്ഞാപനവും പുറപ്പെടുവിക്കേണ്ടതുണ്ട്. അതിനുശേഷം സർവ്വേ സബ്ഡിവിഷൻ, അടിസ്ഥാന വിലനിർണ്ണയം, പുനരധിവാസ പാക്കേജ്, വിശദ വിലനിർണ്ണയ പത്രിക എന്നിവ തയ്യാറാക്കേണ്ടതായിട്ടുണ്ട്. ഏറ്റെടുക്കലിന്റെ മുഴുവൻ തുകയും അർത്ഥനാധികാരിയായ കെ.ആർ. എഫ്.ബി. നിക്ഷേപിക്കുന്ന മുറയ്ക്ക് മാത്രമേ 2013ലെ ആക്ട് പ്രകാരം അവാർഡ് പാസ്സാക്കി ഭൂമി ഏറ്റെടുത്ത് അർത്ഥനാധികാരിക്ക് കൈമാറാൻ സാധിക്കും. ഈ നടപടികൾ വേഗതയിൽ പൂർത്തീകരിക്കാനാവശ്യമായ നിർദ്ദേശം നൽകുന്നതാണ്. |

സെക്ഷൻ ഓഫീസർ